F2-4639/2018

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ് ഭവൻ, 5th ഫ്ലോർ
തിരുവനന്തപുരം
e-mail-swdkerala@gmail.com
തീയതി: 16-03-2019

**സാമൂഹ്യനീതി ഡയറക്ടർ**
തിരുവനന്തപുരം

**എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും**
**എല്ലാ കീഴ്ക്കാര്യാലയ മേധാവികൾക്കും**

**സർ,**

**വിഷയം:** സാമൂഹ്യനീതി വകുപ്പ്-ഇ-ഓഫീസ് നടപ്പാക്കൽ-കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കുന്നത് സംബന്ധിച്ച്.

**സൂചന :** സർക്കാർ CPCRS പോർട്ടലിൽ ഈ കാര്യാലയത്തിൽ നിന്നും നൽകിയ 2265, 3212, 3543 എന്നീ നമ്പറുകളിലുള്ള വർക്ക് ഓർഡറുകൾ.

സർക്കാർ നിർദ്ദേശ പ്രകാരം സാമൂഹ്യനീതി വകുപ്പിലെ എല്ലാ ഓഫീസുകളിലും ഇ-ഗവേണൻസ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ തുടർന്നു വരികയാണ്. അതിന്റെ ഭാഗമായി കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ഓഫീസുകളിൽ ലഭ്യമാക്കുന്നതിന് സൂചന പ്രകാരം കെൽട്രോണിന് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ടി സാധനങ്ങൾ കെൽട്രോൺ കൊറിയർ ഏജൻസികൾ മുഖേന വിതരണം ചെയ്യുന്ന നടപടി ആരംഭിച്ചിട്ടുണ്ട്. പല ഓഫീസുകളിലും ഇതിനകം തന്നെ ഇവ ലഭിച്ചിട്ടുമുണ്ട്.

ഓരോ ഓഫീസും നൽകിയ ആവശ്യകത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഓർഡർ നൽകിയിട്ടുള്ളത്. ഈ കമ്പ്യൂട്ടറുകളിൽ ഓപ്പറേറ്റിംഗ് സിസ്റ്റം ഇൻസ്റ്റോൾ ചെയ്യാതെയാണ് വരുന്നത്. ആയതിനാൽ ഏത് ഓഫീസിലേക്കുള്ളവയാണെന്ന് വ്യക്തത ലഭിക്കുന്നതിനുവേണ്ടിയും ഓപ്പറേറ്റിംഗ് സിസ്റ്റം ഇൻസ്റ്റോൾ ചെയ്യുന്നതിന് വേണ്ടിയും ഡയറക്ടറേറ്റിൽ നിന്നും ഒരു അറിയിപ്പ് ലഭിക്കുന്നതുവരെ ഈ കമ്പ്യൂട്ടറുകൾ സുരക്ഷിതമായി ഉപയോഗിക്കാതെ സൂക്ഷിച്ച് വയ്ക്കേണ്ടതാണ്.

**കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ലഭ്യമായാൽ ഉടൻതന്നെ കൈപ്പറ്റ് രസീത് ഡയറക്ടറേറ്റിൽ ലഭ്യമാക്കേണ്ടതാണ്.** ഇത് കാര്യാലയ മേധാവികൾ പ്രത്യേകം ശ്രദ്ധിക്കണമെന്ന് അറിയിക്കുന്നു.

**വിശ്വസ്തതയോടെ**

**സാമൂഹ്യനീതി ഡയറക്ടർക്കുവേണ്ടി**